62 (516) **പോളിടെക്നിക്കുകളിലെ ബോയിലർ അസിസ്റ്റന്റ് തസ്തിക**

<u>ശ്രീ. എം.വി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ നിലവിലുണ്ടായിരുന്ന ബോയിലർ അസിസ്റ്റന്റ് തസ്തിക നർത്തുകയുണ്ടായോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തിക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മറ്റ് ഏതൊക്കെ സ്ഥാപനങ്ങളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികയ്ക്കുവേണ്ടി പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റാങ്കുലിസ്റ്റിൽനിന്നും ഇതുവരെയായി എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പ്രസ്തുത തസ്തിക ഇല്ലാതാക്കുന്നത് കുറ്റകരമല്ലേ?

<u>ഉത്തരം</u>

(എ) നിർത്തുകയുണ്ടായി. 21.12.1998-ലെ ജി.ഒ.(എം.എസ്.) 158/98/ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം പോളിടെക്നിക്കുകളിൽ വേണ്ടതായ ജീവനക്കാരുടെ ഒരു പാറ്റേൺ നിജപ്പെടുത്തിയതിന്റെ ഭാഗമായാണ് തസ്തികകൾ നിർത്തലാക്കിയിരിക്കുന്നത്. പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ച് ബോയിലർ അസിസ്റ്റന്റ് തസ്തിക ആവശ്യമില്ലാത്തതിനാലാണ് നിർത്തലാക്കിയിരിക്കുന്നത്.

(ബി) തൃശ്ശൂർ, കണ്ണൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളാണ് ഈ തസ്തിക നിലവിലുള്ള മറ്റ് സ്ഥാപനങ്ങൾ.

(സി) ഉണ്ട്.

(ഡി) 8 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അതിൽ ഒരാൾ ജോലിയിൽ പ്രവേശിച്ചതിന്ശേഷം രാജിവച്ചു. മറ്റൊരാൾ ജോലിയിൽ പ്രവേശിച്ചിട്ടുമില്ല. ഫലത്തിൽ ആറ് നിയമനമാണ് നിലവിലുള്ള റാങ്കുലിസ്റ്റിൽനിന്നും നടന്നിട്ടുള്ളത്.

(ഇ) പാഠ്യപദ്ധതി പരിഷ്ക്കരിച്ചപ്പോൾ തസ്തിക ആവശ്യമില്ലാത്തതിനാലാണ് നിർത്തൽ ചെയ്തത്.

63 (517) **ഐ.എച്ച്.ആർ.ഡി. യുടെ ആഭിമുഖ്യത്തിലുള്ള എഞ്ചിനീയറിംഗ് കോളേജ്**

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ അടൂരിൽ ആരംഭിച്ചിരിക്കുന്ന എഞ്ചിനീയറിംഗ് കോളേജിന്റെ പണിയുടെ പുരോഗതി വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള ഭരണാനുമതി നൽകിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്രകോടി രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയത്;

(ഇ) ഈ കെട്ടിടംപണിക്ക് ഇപ്പോൾ എത്രകോടി ചെലവായി;

(എഫ്) പ്രസ്തുത കെട്ടിടം പണി എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് കണക്കാക്കുന്നു?

ഉത്തരം

(എ) വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ പണി പൂർത്തിയായി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി ഏകദേശം 50 ശതമാനം പൂർത്തിയായി. ഇപ്പോൾ മിനുക്കുപണികളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) 1996 ജൂലൈമാസം 8-ാം തീയതി.

(സി) 1996 ജൂലൈമാസം 31-ാം തീയതി.

(ഡി) 2,96,64,969/- രൂപ.

(ഇ) 2,91,85,548/- രൂപ.

(എഫ്) 6 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

64 (518) പോളിടെക്നിക്കുകൾ

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര പോളിടെക്നിക്കുകൾ പ്രവർത്തിച്ചുവരുന്നു;

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ ആകെ 55 പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നു.

(ബി)

തിരുവനന്തപുരം	5
കൊല്ലം	3
പത്തനംതിട്ട	4
ആലപ്പുഴ	3
കോട്ടയം	5
ഇടുക്കി	4
എറണാകുളം	4
തൃശ്ശൂർ	8

LIBRARY ARCHIVES Kerala Legislative Assembly